**SY-36**

Reg. No. : ....................................

Name : ....................................

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2023**

Part – III

# POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.** **(16)**

1. സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം അനുസരിച്ച് ഇന്ത്യയിൽ തെരഞ്ഞെടുപ്പ് നടന്ന ആദ്യ പ്രദേശം ________ ആണ്.

   (a) കാശ്മീർ

   (b) ഹൈദ്രാബാദ്

   (c) മണിപ്പൂർ **(1)**

2. "നോൺ കോൺഗ്രസ്സിസം" എന്ന തെരഞ്ഞെടുപ്പ് തന്ത്രം മുന്നോട്ട് വെച്ചത് ________ ആണ്.

   (a) നെഹ്റു

   (b) റാം മനോഹർ ലോഹ്യ

   (c) കെ. കാമരാജ് **(1)**

3. സപ്തകക്ഷി സഖ്യം ഏതു രാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു ? **(1)**

   (a) നേപ്പാൾ

   (b) ഭൂട്ടാൻ

   (c) ശ്രീലങ്ക

4. സാർക്കിലേ (SAARC) യും അസിയാനിലേയും (ASEAN) നാല് അംഗരാജ്യങ്ങളെ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.
   (കംബോഡിയ, സിംഗപ്പൂർ, നേപ്പാൾ, തായ്ലാന്റ്, പാക്കിസ്ഥാൻ, ശ്രീലങ്ക, മ്യാൻമാർ, ബംഗ്ലാദേശ്)

| സാർക്ക് | ആസിയാൻ |
|---|---|
| • | • |
| • | • |
| • | • |
| • | • |

**(4)**

5. മിസോ നാഷണൽ ഫ്രണ്ടിന്റെ (എം.എൻ.എഫ്) നേതാവിനെ കണ്ടെത്തുക. (1)

(a) അഗാമി സാപ്പു ഫിസോ

(b) ലാൽഡംഗ

(c) ലോംഗോവാൾ

6. മേധാപട്കറുമായി ബന്ധപ്പെട്ട ജനകീയ പ്രസ്ഥാനം ഏതെന്ന് കണ്ടെത്തുക. (1)

7. ചുവടെ നൽകിയിരിക്കുന്നവയുടെ പൂർണ്ണ രൂപമെഴുതുക : (2)

(a) C T B T (b) N P T

8. ചേരുംപടി ചേർക്കുക : (4)

| | |
|---|---|
| ഓപ്പറേഷൻ ഡസർട്ട് സ്റ്റോം | സുഡാനിലേയും അഫ്ഗാനിസ്ഥാനിലെയും അൽഖ്വയ്ദക്കെതിരായ മിസൈൽ ആക്രമണം |
| ഓപ്പറേഷൻ ഇൻഫിനിറ്റ് റിച്ച് | ഇറാഖിലെ അമേരിക്കൻ (യു.എസ്.) അധിനിവേശം |
| ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം | ഒന്നാം ഗൾഫ് യുദ്ധം |
| ഓപ്പറേഷൻ ഇറാഖി ഫ്രീഡം | ഭീകരതക്കെതിരായ ആഗോള യുദ്ധം |

9. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ രൂപീകൃതമായ സൈനികസഖ്യം തിരിച്ചറിയുക. (1)

10. ടിറ്റോ, നാസർ, നെഹ്റു എന്നിവർ മുൻകൈ എടുത്ത് രൂപീകരിച്ച അന്തർദ്ദേശിയ സംഘടന ഏതെന്ന് ചൂണ്ടികാണിക്കുക. (1)

(a) ആസിയാൻ

(b) സാർക്ക്

(c) ചേരിചേരാ പ്രസ്ഥാനം

11. ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക : **(3)**

**ഐക്യരാഷ്ട്രസഭയുടെ പ്രധാന ഘടകങ്ങൾ**

(1) പൊതുസഭ

(2) •

(3) •

(4) സാമ്പത്തികവും സാമൂഹ്യവുമായ കൗൺസിൽ

(5) •

(6) ട്രസ്റ്റീഷിപ്പ് കൗൺസിൽ

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

12. നെഹ്റുവിന്റെ വിദേശനയത്തിന്റെ ലക്ഷ്യങ്ങൾ കണ്ടെത്തി എഴുതുക.

13. ഒന്നും രണ്ടും പഞ്ചവത്സര പദ്ധതികളുടെ സമീപനങ്ങൾ വ്യത്യസ്തമായിരുന്നു. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളെ താരതമ്യം ചെയ്യുക.

14. അമേരിക്കൻ ആധിപത്യത്തിന്റെ മൂന്ന് തലങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക.

15. പഞ്ചാബ് ഉടമ്പടിയുടെ പ്രധാന വ്യവസ്ഥകൾ ഏതൊക്കെയാണ്.

16. ക്യൂബൻ മിസൈൽ പ്രതിസന്ധിയെ കുറിച്ച് ഒരു ചെറുവിവരണം എഴുതുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

17. വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയത്തിൽ മിക്ക പാർട്ടികൾക്കുമിടയിലുണ്ടായ സമാവായത്തിന്റെ നാല് മേഖലകൾ എഴുതുക.

18. ഐക്യരാഷ്ട്ര സഭയിലെ രക്ഷാസമിതിയിൽ സ്ഥിരാംഗത്വത്തിനായുള്ള ഇന്ത്യയുടെ വാദമുഖങ്ങൾ ചൂണ്ടിക്കാണിക്കുക.

19. ശ്രീലങ്കയിലെ വംശീയ പ്രശ്നങ്ങളുടെ കാരണങ്ങൾ വിശദമാക്കുക.

20. ആദ്യ മൂന്ന് പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർട്ടി മേധാവിത്വം നേടിയതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

21. കാശ്മീർ പ്രശ്നം ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള തർക്കം മാത്രമല്ല. ഇതിന് ആന്തരികവും ബാഹ്യവുമായ തലങ്ങളുണ്ട്. ചർച്ചചെയ്യുക.

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

22. ലോക ബാങ്കും ഐ.എം.എഫും മുൻകൈയെടുത്ത് കമ്മ്യൂണിസ്റ്റാനന്തര രാജ്യങ്ങളിൽ നടപ്പാക്കിയ ഷോക്ക്തെറാപ്പി വിശദമാക്കുക.

23. ചൈനയെ അധികാരത്തിന്റെ ബദൽ കേന്ദ്രമായി കണക്കാക്കുന്നു. ചൈനയുടെ വളർച്ചയെക്കുറിച്ച് വിവരിക്കുക.

24. നമ്മുടെ രാഷ്ട്രീയത്തിൽ ദീർഘകാലം സ്വാധീനം ചെലുത്തിയ അഞ്ച് സംഭവ വികാസങ്ങൾ 1989 നു ശേഷം ഇന്ത്യ സാക്ഷ്യം വഹിച്ചു. അവയെക്കുറിച്ച് വിശദീകരിക്കുക.

25. വടക്കു കിഴക്കൻ മേഖലയിലെ പ്രാദേശിക അഭിലാഷങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ വിവരിക്കുക.

26. ചാരായ വിരുദ്ധ പ്രസ്ഥാനം ഒരു വനിതാ മുന്നേറ്റം കൂടിയായിരുന്നു. വിശദമാക്കുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.**

**(2 × 8 = 16)**

27. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനുള്ള കാരണങ്ങൾ വിശദമാക്കുക.

28. 1975 ൽ ദേശീയ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള കാരണങ്ങൾ വിശദമാക്കുക.

29. അമേരിക്കൻ ആധിപത്യത്തിന് ബദൽ അധികാര കേന്ദ്രമായി യൂറോപ്യൻ യൂണിയനെ കരുതുന്നു. അതിന്റെ സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.